**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5104 24.10.2011 -ൽ മറുപടിക്ക്**

**പനി മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>,, എ.എം. ആരിഫ്:<br>,, ബാബു എം. പാലിശ്ശേരി:<br>ശ്രീമതി കെ.കെ. ലതിക: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് പനി മരണം ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റിപ്പോർട്ടു ചെയ്ത മരണങ്ങൾ എത്രയാണ് ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം ജനുവരി മുതൽ ഒക്ടോബർ 15 വരെ ഡെങ്കിപ്പനി മൂലം – സ്ഥിരീകരിച്ച മരണം 10 ഉം സംശയാസ്പദമായ മരണം 9 ഉം, എലിപ്പനിമൂലം – സ്ഥിരീകരിച്ച മരണം 58 ഉം സംശയാസ്പദമായ മരണം 167 ഉം , മലേറിയ മൂലം സ്ഥിരീകരിച്ച മരണം 2 ഉം, ജപ്പാൻ ജ്വരം മൂലം സ്ഥിരീകരിച്ച മരണം 2 ഉം സംശയാസ്പദമായ മരണം 6 ഉം, ടൈഫോയ്ഡ് ബാധിച്ച് സ്ഥിരീകരിച്ച മരണം 2 ഉം ആണ്. |
| (ബി) | സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ജീവൻ രക്ഷാ മരുന്നുകൾ ഇപ്പോൾ ലഭ്യമാണ്. ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലേക്ക് ആവശ്യമുള്ള മരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴിയാണ് വാങ്ങുന്നത്. അടിയന്തിര ഘട്ടത്തിൽ രോഗികൾക്ക് ഏതെങ്കിലും മരുന്നുകൾ ലഭ്യമല്ലാതെ വന്നാൽ എച്ച്.ഡി.എസ് ഫണ്ടിൽ നിന്നോ ആർ.എസ്.ബി.വൈ |

| | | | |
|---|---|---|---|
| | | | മുഖേനയോ മരുന്നുകൾ വാങ്ങി നൽകുവാനുള്ള നിർദ്ദേശം അതാത് സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ ഉടൻ നികത്തുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പനിമരണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | ആശുപത്രികളിലെ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവീസിൽ പി.ജി. ഡിഗ്രിയുള്ളവരുടെ ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവ് നികത്താൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഡി.പി.സി. നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് സിവിൽ സർജൻ തുടങ്ങിയ തസ്തികകൾ ഉദ്യോഗക്കയറ്റം നൽകി ഒഴിവുകൾ നികത്താൻ വേണ്ടുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരുടെ സേവനം ഉപയോഗിച്ചു വരുന്നുണ്ട്.<br>സംസ്ഥാനത്ത് ആശുപത്രി കളിൽ പാരാമെഡിക്കൽ ജീവനക്കാരുടെ സ്ഥിരം ഒഴിവുകൾ കാര്യമായി റിപ്പോർട്ട് ചെയ്തിട്ടില്ല. ലാബ് ടെക്നീഷ്യൻ തസ്തികയിലാണ് ചില സ്ഥാപനങ്ങളിൽ സ്ഥിരം തസ്തികയിൽ ഒഴിവുള്ളത്. ഇവിടെയെല്ലാം താത്കാലികമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ